പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5978 28-03-2018 - ൽ മറുപടിയ്ക്ക്

## ഉപഭോക്തൃസംരക്ഷണ നിയമ പ്രകാരമുള്ള കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കൃഷ്ണൻ കുട്ടി<br>" സി.കെ. നാണു<br>" കോവൂർ കുഞ്ഞുമോൻ<br>" കെ.ബി.ഗണേഷ് കുമാർ: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഉപഭോക്തൃസംരക്ഷണ നിയമ പ്രകാരമുള്ള കേസുകളിൽ ജി.എസ്.ടി നിലവിൽ വന്നതിന് ശേഷം എന്തെങ്കിലും വർധനവ് നിരീക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം കേസുകൾ പരിഹരിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും ഉപഭോക്തൃ സംരക്ഷണ നിയമ പ്രകാരമുള്ള കേസുകളിൽ ജി.എസ്.ടി നിലവിൽ വന്നതിന് ശേഷം വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (ബി) രജിസ്ട്രേഷൻ എടുക്കാതെ ഉപഭോക്താവിൽ നിന്നും അനധികൃതമായി ജി.എസ്.ടി. ഈടാക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച എത്ര കേസുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. സംസ്ഥാന ചരക്ക് സേവന നികുതി ഓഫീസിലും ഇത്തരം പരാതികളൊന്നും ലഭിച്ചിട്ടില്ല. അനധികൃതമായി ജി.എസ്.ടി ഈടാക്കിയതിന് ലീഗൽ മെട്രോളജി നിയമപ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ജി.എസ്.ടി. കുറവ് വരുത്തിയിട്ടും എം.ആർ.പി.യിലും നികുതി നിരക്കിലും കുറവ് വരുത്താത്ത എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ ; | (സി) ജി എസ് ടി കുറവ് വരുത്തിയിട്ടും എം.ആർ.പി യിൽ കുറവ് വരുത്താതെ വില്പന നടത്തിയതിന് ലീഗൽ മെട്രോളജി വകുപ്പ് 24 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ല ഫോറങ്ങളിലും ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. സംസ്ഥാന ചരക്ക് സേവന നികുതി ഓഫീസിലും ഇത്തരം പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) ഈ വിവരങ്ങൾ ജി.എസ്.ടി വകുപ്പിന് കൈമാറിയിട്ടുണ്ടോ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ